## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ നിർദേശം നമ്പർ 1 എ പ്രകാരമുള്ള പരാമർശം

### നക്ഷത്രചിഹ്നമിടാത്ത 3962-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരം സംബന്ധിച്ച്

ശ്രീമതി കെ. കെ. രമ: സർ, പതിനഞ്ചാം കേരള നിയമസഭയിലെ പതിനൊന്നാം സമ്മേളനത്തിലെ 28-06-2024-ലെ നക്ഷത്ര ചിഹ്നമിടാത്ത 3962-ാം നമ്പർ ചോദ്യത്തിൽ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മാധ്യമ പ്രവർത്തകർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ; വ്യക്തമാക്കാമോ; എന്ന ചോദ്യം ചോദിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്നാണ് സഭയിൽ മറുപടി നൽകിയത്. എന്നാൽ ഇത് ആഭ്യന്തര വകുപ്പിലെ (എച്ച്) സെക്ഷനിലെ ഫയൽ നമ്പർ എച്ച്.161/21 ആഭ്യന്തര പ്രകാരവും പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ടി. എസ്.200/952/23/PHQ എന്ന ഫയൽ നമ്പർ പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. അട്ടപ്പാടിയിലെ ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി കൈയേറിയതിൽ ഒരാളായ നിരപ്പത്ത് ജോസഫ് കുര്യൻ,

ആദിവാസിയായ മോഹന ചന്ദ്രന്റെ അമ്മയുടെ കുടുംബസ്വത്തായ 12 ഏക്കർ ഭൂമിയിൽനിന്ന് മൂന്ന് ആദിവാസി കുടുംബങ്ങൾ ഒഴിഞ്ഞ് പോകണമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. മാധ്യമം ഓൺലൈൻ മീഡിയയിൽ ഈ വാർത്ത നൽകിയതിന്റെ പേരിൽ മാധ്യമ റിപ്പോർട്ടർ ഡോ. ആർ. സുനിലിനെതിരെ നിരപ്പത്ത് ജോസഫ് കുര്യൻ ഡിവൈ.എസ്.പി.-ക്ക് പരാതി നൽകി. ആയതുമായി ബന്ധപ്പെട്ട് 2023 സെപ്റ്റംബർ 21-ന് 0153 നമ്പറായി അഗളി പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നു. വാർത്ത ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തതിന് അട്ടപ്പാടിയിലെ ശ്രീ. സുകുമാറിനെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് ചൂണ്ടിക്കാട്ടി പത്രപ്രവർത്തകൻ ശ്രീ. ആർ. കിരൺ ബാബു, ഡി.ജി.പി.-ക്ക് പരാതി നൽകിയിരുന്നു. ഇതുസംബന്ധിച്ചുള്ള 11-06-2024-ലെ സർക്കാർ ഉത്തരവിൽ റിപ്പോർട്ടർ ഡോ ആർ. സുനിലിന് എതിരെ പ്രാഥമിക അന്വേഷണംപോലും നടത്താതെ കേസ് എടുത്തതായി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടന്ന അന്വേഷണത്തിന് ഒടുവിൽ 13-02-2024-ലെ 468-ാം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇക്കാര്യങ്ങൾ മറച്ചുവയ്ക്കുന്ന തരത്തിലുള്ള മറുപടിയാണ് സഭയിൽനിന്നും ലഭ്യമായത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിടാത്ത 3962 ചോദ്യത്തിന്റെ (സി) പിരിവിൽ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ; വ്യക്തമാക്കാമോ? എന്ന ചോദ്യത്തിന് ഇതുമായി ബന്ധപ്പെട്ട് വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന മറുപടി നൽകിയിരുന്നു. തന്നെ രണ്ട് പേർ ചേർന്ന് ഫേസ്ബുക്കിലൂടെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ഭൂമി തട്ടിയെടുക്കുന്നയാളാണെന്ന് പ്രചരിപ്പിക്കുകയും ചെയ്തു, എന്നാരോപിച്ച് അഗളി സ്വദേശിയായ ഒരാൾ പോലീസിൽ പരാതി നൽകിയിരുന്നു. ഈ പരാതിയിൽ ബഹുമാനപ്പെട്ട കോടതി നിർദേശത്തെ തുടർന്നാണ് പോലീസ് കേസെടുത്തത്. വാർത്ത റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ അല്ല ഈ കേസെടുത്തത്. സഭയ്ക്ക് നൽകിയ മറുപടി വസ്തുതാപരമാണ്.